**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 915** **24-02-2022 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണങ്ങളിൽ നിന്ന് സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ചാലക്കുടി നിയോജകമണ്ഡലത്തിൽ ചാലക്കുടി, വാഴച്ചാൽ, മലയാറ്റൂർ ഡിവിഷനുകളിലെ വനമേഖലയോട് ചേർന്ന ജനവാസകേന്ദ്രങ്ങളിൽ താമസിക്കുന്നവർക്ക് വന്യമൃഗങ്ങളുടെ ആക്രമണം മൂലം ജീവഹാനിയും കൃഷിനാശവും ഉണ്ടാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | 01.01.2021 മുതൽ നാളിതുവരെ ഈ മേഖലയിൽ കാട്ടാനയുടെ ആക്രമണത്തിൽ മരണമടഞ്ഞവരുടെ പേര് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ നൽകാമോ ; | (ബി) | ഈ മേഖലയിൽ ചാലക്കുടി ഡിവിഷൻറെ പരിധിയിൽ കാട്ടാനയുടെ ആക്രമണത്തിൽ 4 പേർ മരണപ്പെട്ടിട്ടുണ്ട്. മരണമടഞ്ഞവരുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു 1. രാജേഷ്, മലയൻകോളനി, പിള്ളപ്പാറ, തിയ്യതി 18.03.2021 (സംഭവസ്ഥലം - കൊന്നക്കുഴി ഫോറസ്റ്റ് സ്റ്റേഷൻ സമരബ്ലോക്ക് ഭാഗം) 2. അയ്യപ്പൻ, മലയൻവീട്, കാരിക്കടവ്, തിയ്യതി - 23.03.2021 (സംഭവസ്ഥലം ഹാരിസൺ മലയാളം ലിമിറ്റഡ് പ്ലാൻറേഷൻ ) 3. പീതാംബരൻ, പോട്ടക്കാരൻ വീട്, കുണ്ടായി, തിയ്യതി - 30.08.2021 (സംഭവസ്ഥലം ഹാരിസൺ മലയാളം ലിമിറ്റഡ് പ്ലാൻറേഷൻ) 4. ആഗ്നേമിയ, D/o നിഖിൽ, കച്ചട്ടിൽ വീട്, പുത്തൻചിറ, തിയ്യതി 07.02.2022 (സംഭവസ്ഥലം - കൊന്നക്കുഴി ഫോറസ്റ്റ് സ്റ്റേഷൻ, കണ്ണൻകുഴി) |
| (സി) | 01.01.2021 മുതൽ നാളിതുവരെ ഈ മേഖലയിൽ വന്യജീവികളുടെ ആക്രമണത്താൽ സ്ഥായിയായ അംഗഭംഗം സംഭവിച്ചവർ, പരിക്കേറ്റവർ എന്നിവരുടെ എണ്ണം വിശദമാക്കാമോ ; | (സി) | 01/01/2021 മുതൽ നാളിതുവരെ ഈ മേഖലയിൽ വന്യജീവികളുടെ ആക്രമണത്താൽ സ്ഥായിയായ അംഗഭംഗം സംഭവിച്ചവർ, പരിക്കേറ്റവർ എന്നിവരുടെ എണ്ണം ചുവടെ ചേർക്കുന്നു. |
| (ഡി) | പകൽ സമയത്ത് പോലും കാട്ടാനയുടെയും കാട്ടു പന്നിയുടെയും ആക്രമണങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ ഈ മേഖലയിൽ ആന പ്രതിരോധ മതിൽ, ആന പ്രതിരോധ കിടങ്ങുകൾ എന്നിവ നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ ; | (ഡി) | ചരിവോട്ടു കൂടിയ നിമ്നോന്നതമായ സ്ഥലങ്ങളിൽ കിടങ്ങുകൾ നിർമ്മിക്കുന്നത് മണ്ണൊലിപ്പിനും, മണ്ണിടിച്ചിലും ഉരുൾപ്പൊട്ടലിന് കാരണമാകുന്നതിനും മണ്ണൊലിച്ച് വന്ന് കിടങ്ങുകൾ നികത്തപ്പെടുന്നതിനും സാധ്യതയുള്ളതിനാൽ കിടങ്ങുകൾ ഈ |

| | | | |
|---|---|---|---|
| | | | മേഖലയിൽ അനുയോജ്യമല്ല. ആനമതിലിന് ഒരു കിലോമീറ്ററിന് 2 കോടിയോളം രൂപ ചെലവ് വരുന്നതും, വളരെയധികം കല്ല് മലകളിൽ ഇടിച്ച് പൊട്ടിച്ച് എടുക്കേണ്ടി വരുമെന്നതിനാലും, ടി മതിലുകൾക്ക് മുകളിലൂടെ ആനകൾ വലിഞ്ഞു കയറി മറുവശം കടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാലും ആനമതിൽ ഈ മേഖലയിൽ പണിയുന്നത് ഉചിതമായിരിക്കുകയില്ല. സോളാർ ഫെൻസിംഗും, സോളാർ ഹാംഗിങ്ങ് പവ്വർ ഫെൻസും ഈ മേഖലയിൽ ഫലപ്രദമാണെന്ന് കാണുന്നു. |
| (ഇ) | വനത്തിനു പുറത്തേക്കു വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചു വിടുന്നതിനുള്ള സംവിധാനമായ റാപ്പിഡ് റെസ്പോൺസ് ടീം ചാലക്കുടി, വാഴച്ചാൽ ഡിവിഷനുകളിൽ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ; | (ഇ) | മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ 7.09.2021 ൽ സർക്കാരിന് സമർപ്പിച്ച 620 കോടി രൂപയുടെ പോജക്റ്റ് പ്രപ്പോസലിൽ ചാലക്കുടി ഡിവിഷനിൽ ഉൾപ്പെടെ 25 റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട് . മേൽ പ്രോജക്റ്റ് പ്രപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്. |
| (എഫ്) | പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് അവയുടെ സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ ? | (എഫ്) | ഈ സംവിധാനം നിലവിൽ നടപ്പിലാക്കി വരുന്നുണ്ട് |

സെക്ഷൻ ഓഫീസർ

| ഡിവിഷൻ | സ്ഥായിയായ അംഗഭംഗം സംഭവിച്ചവർ | പരിക്കേറ്റവർ |
|---|---|---|
| മലയാറ്റൂർ | ഇല്ല | - |
| ചാലക്കുടി | ഇല്ല | 28 (പാമ്പ് കടിയേറ്റ് -24, മാനിൻറെ ആക്രമണം-4) |
| വാഴച്ചാൽ | ഇല്ല | 2(കാട്ടുപോത്തിന്റെ ആക്രമണം മൂലം) |